മലയാള മനോരമ
ESTABLISHED 1888
23 ജൂൺ 2015 ചൊവ്വ
മെട്രോ

# മാലിന്യ സംസ്കരണത്തിന് മാതൃകയായി
# ആഭ്യന്തര മന്ത്രിയും കുടുംബവും

തിരുവനന്തപുരം● നഗരം നേരിടുന്ന മാലിന്യ സംസ്കരണ പ്രശ്നത്തിനു തങ്ങളുടേതായ രീതിയിൽ പരിഹാരം കണ്ടെത്തിക്കൊണ്ട് ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തലയും കുടുംബവും. ജഗതി ഈശ്വരവിലാസം റോഡിലുള്ള വീട്ടിൽ ഗാർഹിക മാലിന്യങ്ങൾ സംസ്കരിക്കാനുള്ള ബയോഗ്യാസ് പ്ലാന്റ് സ്വന്തമായി സ്ഥാപിച്ചാണ് ആഭ്യന്തരമന്ത്രിയും കുടുംബവും മാലിന്യ സംസ്കരണത്തിൽ മാതൃക സൃഷ്ടിച്ചത്. മാലിന്യങ്ങൾ സ്വന്തം വീട്ടിൽ തന്നെ സംസ്കരിക്കുക വഴി ഗാർഹിക മാലിന്യങ്ങൾ പുറത്തേക്കു തള്ളുന്നത് ഒഴിവാക്കാനും ബയോഗ്യാസ് ഉപയോഗിക്കുക വഴി പാചകവാതകത്തിന്റെ അമിത ഉപഭോഗം കുറയ്ക്കാനും കഴിയുമെന്നു മനസ്സിലാക്കിയാണു താനും കുടുംബവും ഇതിനു മുൻകൈ എടുത്തതെന്നു രമേശ് ചെന്നിത്തല പറഞ്ഞു.




മാലിന്യപ്ളാന്റിലെ ഇന്ധനം കൊണ്ട് പാചകം ചെയ്യുന്ന രമേശ് ചെന്നിത്തലയും കുടുംബവും.